പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3241 20.06.2014- ൽ മറുപടിക്ക്

## ക്ഷേമ പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കൽ

ചോദ്യം

ശ്രീ. പി.കെ. ഗുരുദാസൻ

ശ്രീ. കെ.ദാസൻ

ശ്രീ. ആർ. രാജേഷ്

ശ്രീമതി. കെ.കെ. ലതിക

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന ഏതൊക്കെ ക്ഷേമ പെൻഷനുകൾക്കാണ് കുടിശ്ശിക വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന ക്ഷേമപെൻഷനുകളിൽ വികലാംഗ പെൻഷൻ, അഗതി(വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയിൽ ദേശീയ വാർദ്ധക്യകാല പെൻഷൻ ഒഴികെ മറ്റു പെൻഷനുകളിൽ കുടിശ്ശിക ഇല്ല. ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ 6 മാസത്തെ കുടിശ്ശികയുണ്ട്. |
| (ബി) | പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കി യഥാസമയം കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉപധനാഭ്യർത്ഥനയിലൂടെ വാർദ്ധക്യകാല പെൻഷൻ വിതരണത്തിനുള്ള തുക അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത ക്ഷേമപെൻഷനുകൾക്കായി പ്രതീക്ഷിക്കുന്ന മൊത്തം ചെലവെത്ര; ബജറ്റിൽ വകയിരുത്തിയ തുക എത്ര; വിശദമാക്കാമോ? | (സി) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ ക്ഷേമപെൻഷനുകൾക്കായി നടപ്പു സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന മൊത്തം ചെലവും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെയും വിവരം ചുവടെ ചേർക്കുന്നു. |

| നം | ക്ഷേമപെൻഷന്റെ പേര് | നടപ്പു സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന മൊത്ത ചെലവ് (ലക്ഷം രൂപയിൽ) | ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | വികലാംഗ പെൻഷൻ | 29697.84 | 26951.34 |
| 2 | അഗതി (വിധവ) പെൻഷൻ | 73792.63 | 73327.38 |
| 3 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 30966.23 | 13000.00 |
| 4 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5262.38 | 5053.62 |

സെക്ഷൻ ഓഫീസർ